LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഗുരുദാസൻ : സർ, ഇന്നിപ്പോൾ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതുകൊണ്ടാണ് കഞ്ചാവ് പിടിക്കുന്നതും കഞ്ചാവ് ചെടികൾ നശിപ്പിക്കുന്നതും അതുപോലെ ചരസ് പിടിക്കുന്നത് ബ്രൗൺഷുഗർ പിടിക്കുന്നത്. ഈ കള്ളക്കടത്തെല്ലാം അവസാനിപ്പിക്കാനാവശ്യമായ ഒരു സാമൂഹികവ്യവസ്ഥ നമുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിയണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, അരിഷ്ടങ്ങളിലും മറ്റും കലർന്നിട്ടുള്ള മയക്കുമരുന്നുകളുടെ അംശം ഇന്ന് വളരെയേറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇതെല്ലാം തടയുന്നതിന് പ്രായോഗികമായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. പി. കെ. ഗുരുദാസൻ : സർ, ചോദ്യം കേട്ടില്ല...

മി. സ്പീക്കർ : യെസ്....

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ആസവം, അരിഷ്ടം തുടങ്ങിയിട്ടുള്ള ....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച് നെൽകൃഷിക്കുള്ള പ്രത്യേക പാക്കേജ്

*(*275) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച് നെൽകൃഷിക്കുള്ള പ്രത്യേക പാക്കേജനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനായി എന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പാക്കേജിനായി ഈ കാലയളവിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചത് ;

(സി) ഇതുവരെ ഈ പദ്ധതിയിൽ കീഴിൽ എന്ത് തുക ചെവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതത്തിന് പുറമേ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നും എന്ത് തുക പ്രസ്തുത പദ്ധതിക്കായി ഇതുവരെ ചെലവഴിച്ചു ;

(ഇ) പ്രസ്തുത പദ്ധതിലക്ഷ്യം കൈവരിക്കാൻ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) സംസ്ഥാന ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച നെൽകൃഷി മേഖല കേന്ദ്രീകരിച്ച് ഈ സാമ്പത്തിക വർഷം 1590.93 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയും ഫണ്ടും അനുവദിക്കുകയും പദ്ധതികൾ നടപ്പിലാക്കി വരികയുമാണ്. 31-1-2011 വരെയുള്ള പുരോഗതി അവലോകനം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നടപ്പു സാമ്പത്തിക വർഷം നെൽകൃഷി മേഖല കേന്ദ്രീകരിച്ച് 1590.93 ലക്ഷം രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

(സി) 31-1-2011 വരെ നെൽകൃഷി മേഖലയിൽ 442.7 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 31-1-2011 വരെ 1206 ലക്ഷം രൂപ ചെലവഴിച്ചു.

(ഇ) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ നെൽകൃഷി മേഖലയിൽ വിവിധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. നെൽകൃഷി മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കുക വഴി ജലസേചന നിർഗമന സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും അതിലൂടെ കൂടുതൽ സ്ഥലത്തേക്ക് നെൽകൃഷി വ്യാപിപ്പിക്കുവാനും നെല്ലിന്റെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു. പ്രധാന നെൽകൃഷി മേഖലകളായ കുട്ടനാട്ടിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനവും പാലക്കാട് ഭക്ഷ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കോൾ മേഖലയിൽ ഭൂവികസന കോർപ്പറേഷൻ വഴി അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

തൊഴിലാളികളുടെ ക്ഷാമമാണ് നെൽകൃഷിമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി. ഇത് പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണത്തിന് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ വളരെയധികം ഊന്നൽ നൽകുവാൻ ലക്ഷ്യമിടുന്നു. കുട്ടനാടൻ, പാലക്കാടൻ, വയനാടൻ നെൽകൃഷി മേഖലകളിൽ യന്ത്രവൽക്കരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഇനിയുള്ള വർഷത്തിലും യന്ത്രവൽക്കരണത്തിന് കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ ഉല്പാദനവും ഉല്പാദനക്ഷമതയും കൈവരിക്കുന്നതിനായി പുതിയ നെൽവിത്തുകൾ വികസിപ്പിക്കുന്നതിനുവേണ്ട ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുവാൻ കേരള കാർഷിക സർവ്വകലാശാല മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly